പ്രഫ. കെ.എ സിദ്ദീഖ് ഹസൻ
(ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ)

# ഇസ്‌ലാമിക് മൈക്രോഫിനാൻസ് പുതിയ ചുവടുവെപ്പുകൾ



**മൈക്രോഫിനാൻസ്** ഇന്ന് ലോകത്തെല്ലായിടത്തും ദാരിദ്ര്യനിർമാർജനത്തിനുള്ള മാർഗം എന്ന നിലക്ക് പരക്കെ അംഗീകരിക്കപ്പെട്ട ഒരു സംവിധാനമാണ്; പിന്നാക്ക രാജ്യങ്ങളിൽ വിശേഷിച്ചും. അധഃസ്ഥിത ജനവിഭാഗങ്ങളെ ഉദ്ധരിക്കുന്നതിന് മൈക്രോഫിനാൻസ് സംരംഭങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്നതിന് ബംഗ്ലാദേശ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ തെളിവാണ്. എന്നാൽ അവിടെയെല്ലാമുള്ള മൈക്രോഫിനാൻസ് പലിശയധിഷ്ഠിതമാണ്.

ഇന്ത്യയിലിപ്പോൾ ഗവൺമെന്റ് മുൻകൈയെടുത്ത് നടത്തുന്ന മൈക്രോ ഫിനാൻസ് സംരംഭങ്ങളുണ്ട്. സ്വകാര്യ സ്ഥാപനങ്ങളും ധാരാളമായി ഈ രംഗത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. ഇവിടെയും പലിശയധിഷ്ഠിതം തന്നെയാണ് സർവ ഇടപാടുകളും. നാം മുന്നോട്ടുവെക്കുന്ന പലിശരഹിത മൈക്രോ ഫിനാൻസ് എന്നത് ഒരു പുതിയ ആശയമാണ്. ഇസ്‌ലാമിക് മൈക്രോ ഫിനാൻസിന്റെ പ്രത്യേകത അത് പലിശയിൽ അധിഷ്ഠിതമല്ല എന്നതാണ്. വഴിയിൽ വീഴുന്നവരെ അത് കൈപിടിച്ചുയർത്തുകയും ചെയ്യുന്നു. അതിനാൽ നിലവിലുള്ള മൈക്രോഫിനാൻസ് സംരംഭങ്ങളുടെ ചൂഷണത്തിനും ബലഹീനതകൾക്കുമുള്ള ഏറ്റവും നല്ല ബദൽ തന്നെയായിരിക്കും പലിശരഹിത മൈക്രോഫിനാൻസ്.

അടുത്തിടെ ഹൈദരാബാദിൽ നടന്ന ഇസ്‌ലാമിക് മൈക്രോഫിനാൻസ് വർക്ക്ഷോപ്പിൽ ഉദ്ഘാടന പ്രസംഗം നടത്തവെ, ഏഷ്യയിൽ മൈക്രോ ഫിനാൻസിന്റെ പ്രഗത്ഭനായ സംരംഭകൻ ഡി. വിജയരാജൻ പറഞ്ഞത്, ദാരിദ്ര്യനിർമാർജനത്തിന് ഏറ്റവും ഫലപ്രദം ഇസ്‌ലാമിക് മൈക്രോ ഫിനാൻസ് തന്നെയാണ് എന്നാണ്.

പല രാജ്യങ്ങളിലും ഇസ്‌ലാമിക് മൈക്രോ ഫിനാൻസ് വിജയകരമായി പരീക്ഷിക്കപ്പെടുന്നു. മലേഷ്യ, ഇന്തോനേഷ്യ, സുഡാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ ഉദാഹരണം. ഇതെല്ലാം കണക്കിലെടു

> **ഹൈദരാബാദിൽ നടന്ന ഇസ്‌ലാമിക് മൈക്രോ ഫിനാൻസ് വർക്ക്ഷോപ്പിൽ ഉദ്ഘാടന പ്രസംഗം നടത്തവെ, ഏഷ്യയിൽ മൈക്രോ ഫിനാൻസിന്റെ പ്രഗത്ഭനായ സംരംഭകൻ ഡി. വിജയരാജൻ പറഞ്ഞത്, ദാരിദ്ര്യ നിർമാർജനത്തിന് ഏറ്റവും ഫലപ്രദം ഇസ്‌ലാമിക് മൈക്രോഫിനാൻസ് തന്നെയാണ് എന്നാണ്.**

ത്താണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി നാൽപതു വർഷം മുമ്പ് വ്യാപകമായി ഇസ്‌ലാമിക് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ ആരംഭിച്ചത്. പക്ഷേ അന്ന് ഈ പേര് പ്രചാരത്തിലുണ്ടായിരുന്നില്ല എന്നു മാത്രം. അന്ന് തുടങ്ങിവെച്ച 300-ഓളം സ്ഥാപനങ്ങൾ ഇന്നും വിജയകരമായി മൈക്രോ ഫിനാൻസിംഗ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ തന്നെ ഇരുന്നൂറിലധികം പലിശരഹിത സ്ഥാപനങ്ങൾ വിജയകരമായി നടക്കുന്നുണ്ട്. ഇവയിൽ ചിലത് ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ നിലവിലെ പലിശരഹിത സംരംഭങ്ങൾക്ക് ഒരു ന്യൂനതയുണ്ട്. അവയിലധികവും രാജ്യത്തെ ഏതെങ്കിലും നിയമപ്രകാരം റജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളല്ല. ഈ വസ്തുതകൾ കണക്കിലെടുത്ത് പുതിയ സാഹചര്യത്തിൽ മൈക്രോ ഫിനാൻസിന്റെ വ്യാപകമായ ഒരു മുന്നേറ്റം ഉണ്ടാവണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ആഭിമുഖ്യത്തിൽ രൂപം നൽകിയിട്ടുള്ള 'വിഷൻ 2016'ന്റെ മുഖ്യ ഭാഗമായി ഇസ്‌ലാമിക് മൈക്രോ ഫിനാൻസിനെ പരിഗണിച്ചിരിക്കുന്നു. അടുത്ത പത്ത് വർഷത്തിനകം ഇസ്‌ലാമിക് മൈക്രോഫിനാൻസിനായി 500 സ്ഥാപനങ്ങളെങ്കിലും തുടങ്ങാനാണ് 'വിഷൻ 2016' ലക്ഷ്യമിടുന്നത്.

ഇതിനായി ആറു മാസം മുമ്പ് അലീഗഢിൽ സംഘടിപ്പിച്ച വർക്ക്ഷോപ്പ് ഡോ. നജാത്തുല്ല സിദ്ദീഖി മുഖ്യ ഉപദേശകനായി ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ കൺവീനറാണ് പാറ്റ്നയിലെ അൽ ഖൈർ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെ സാരഥിയായ അർശദ് അജ്മൽ. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ആഗസ്റ്റിൽ ഹൈദരാബാദിൽ ഇസ്‌ലാമിക് മൈക്രോ ഫിനാൻസിംഗിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ നാനാ ഭാഗങ്ങളിൽനിന്ന് 70-ൽ പരം പ്രഗത്ഭർ അതിൽ പങ്കെടുത്തു. ബാങ്ക് മാനേജർമാർ, ഫിനാൻസിൽ ഡോക്ടറേറ്റ് നേടിയവർ, മൈക്രോ ഫിനാൻസ് നടത്തിപ്പുകാർ, പലിശരഹിത നിധി നടത്തിപ്പുകാർ, ഫിനാൻസിൽ ഗവേഷണം നടത്തുന്നവർ, ഫിനാൻസിൽ എം.ബി.എ എടുത്തവർ തുടങ്ങി വിവിധ മേഖലകളിൽനിന്ന് യോഗ്യരായ ഒരു ടീം ഈ വർക്ക്ഷോപ്പിൽ പങ്കെടുത്തിരുന്നു. വിജയ മഹാജൻ, ലോക ബാങ്കിന്റെ ഫിനാൻസ് മാനേജർ ശശി ഭൂഷൺ തുടങ്ങിയ ഒട്ടേറെ പ്രഗത്ഭർ അതിൽ ക്ലാസ്സെടുത്തു. ആ വർക്ക് ഷോപ്പിനെ തുടർന്നു നടന്ന ടാസ്ക് ഫോഴ്സ് മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് കേരളം, ആന്ധ്രപ്രദേശ്, ബീഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ദൽഹി തുടങ്ങിയ സംസ്ഥാനങ്ങളിൽ എത്രയും വേഗം ഇസ്‌ലാമിക് മൈക്രോ ഫിനാൻസിംഗ് പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ടാസ്ക് ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ ലോകത്തുള്ള ഇസ്‌ലാമിക് മൈക്രോഫിനാൻസ് സംരംഭങ്ങളെക്കുറിച്ച് പഠനങ്ങളും നടത്തും. ശാന്തപുരത്തെ അൽജാമിഅയിൽ ഇസ്‌ലാമിക് ബാങ്കിംഗ് കോഴ്സിന് നേതൃത്വം നൽകുന്ന മുഹമ്മദ് പാലത്തിനാണ് കേരളത്തിൽ ഇതിന്റെ ചുമതല. ■